**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 253** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റത്തിലെ ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂമി തരം മാറ്റ അപേക്ഷകളിൻമേൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭൂമി തരംമാറ്റ അപേക്ഷകളിൻമേൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | റവന്യൂ-കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാർ ഇതിൽ ഉൾപ്പെടുന്നതായി പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് നടപടി ശിപാർശ ചെയ്ത കേസുകളിൽ നടപടി സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് നടപടി ശിപാർശ ചെയ്ത കേസുകളുമുണ്ട്. |
| (സി) | മുൻഗണന തെറ്റിച്ചും ചട്ടം ലംഘിച്ചും അപേക്ഷകൾ തീർപ്പാക്കുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഓൺലൈനായാണ് നിലവിൽ ഭൂമിതരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്തു വരുന്നത്. അപേക്ഷകൾ സമർപ്പിക്കപ്പെട്ട തീയതിയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം പാലിച്ചാണ് അപേക്ഷകൾ തീർപ്പാക്കുന്നത്. കൂടാതെ റവന്യൂ വിജിലൻസ്, സെക്രട്ടേറിയറ്റ്, കളക്ടറേറ്റ് തലത്തിലുള്ള ഇൻസ്പെക്ഷൻ വിഭാഗങ്ങൾ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ